# ഇടവക ചരിത്രം ഒറ്റനോട്ടത്തിൽ

ഇടക്കൊച്ചി സെന്റ്. ലോറൻസ് ഇടവകയുടെ കീഴിലായിരുന്ന
ഈ പ്രദേശത്തിന്റെ വിശ്വാസത്തിന്റെ വളർച്ചയുടെ നാൾവഴികൾ......

**1874** ഉണ്ണീശോയുടെ നാമത്തിൽ കുരിശുപുര.

**1923 ഡിസംബർ** ദൈവാലയത്തിന് അടിസ്ഥാന ശിലയിടുന്നു.

**1934 ജനുവരി 1** മോൺ. ലോറൻസ് പുളിയനത്ത് ദൈവാലയം ആശീർവദിക്കുന്നു.

**1937 മാർച്ച് 1** സെമിത്തേരി ആശീർവദിക്കുന്നു.

**1955 ജനുവരി 1** വി. കുരിശിന് പ്രതിഷ്ഠിതമായ സ്വതന്ത്ര ഇടവകയായി അലക്സാണ്ടർ എടേഴത്ത് പിതാവ് ഉയർത്തുന്നു.

**1958–59** വൈദിക മന്ദിരം പുനരുദ്ധരിക്കുന്നു.

**1976 ജൂലൈ 16** ഉണ്ണിമിശിഹായുടെ നൊവേന ആരംഭം.

**1983** മണിമാളിക നിർമ്മാണം.

**1985** ഫാത്തിമ മാതാവിനെ പള്ളിയുടെ ഗോപുരത്തിൽ പ്രതിഷ്ഠിക്കുന്നു.

**1995 സെപ്തംബർ 17** പുതിയ വൈദികമന്ദിരം നിർമ്മിക്കുന്നു.

**1997 ഏപ്രിൽ 25** വൈദികമന്ദിരം ആശീർവദിക്കുന്നു.

**2000 ഡിസംബർ 29** നവീകരിച്ച ദൈവാലയവും അൾത്താരയും ആശീർവദിക്കുന്നു.

**2014–2015** മതബോധന ക്ലാസുകൾ ഇടവക ദൈവാലയത്തിൽ ആരംഭിക്കുന്നു.

# കൊച്ചി രൂപത



1557-ൽ കൊച്ചിയിലെ പദ്രോവാദൊ രൂപതാസംസ്ഥാപനം കേരള ലത്തീൻസഭാചരിത്രത്തിലെ സുപ്രധാന സംഭവമാണ്. ഈ പുതിയ രൂപത സ്ഥാപിതമായതോടെ കേരളത്തിലെ ലത്തീൻ സഭയ്ക്ക് റോമിന്റെ പൂർണ്ണ പിന്തുണ ഉറപ്പായി. ഇവിടത്തെ ലത്തീൻ കത്തോലിക്കർ ഒരു പ്രത്യേക സമുദായമായി രൂപപ്പെട്ടുവളരാൻ തുടങ്ങി. ഡോ. ജോർജ്ജ് തെമുഡോ ആയിരുന്നു കൊച്ചിയുടെ ആദ്യമെത്രാൻ. 1587 വരെ അദ്ദേഹം രൂപതയുടെ സാരഥ്യം വഹിച്ചു.

കൊച്ചിയിൽ ഫ്രാൻസിസ്കൻ, ഡൊമിനിക്കൻ, അഗസ്റ്റീനിയൻ, ജെസ്യൂട്ട് സന്ന്യാസാശ്രമങ്ങൾ ഉയർന്നു വന്നു. ലത്തീൻ സഭയുടെയും സമുദായത്തിന്റെയും രൂപീകരണത്തിന് ഈ നാലു സന്ന്യാസ സഭകളും ആത്മാർത്ഥമായി ശ്രമിച്ചു. കൊച്ചിയിലുണ്ടായിരുന്ന ദേവമാതാ കോളേജും സെന്റ്. ആന്റണീസ് ഫ്രാൻസിസ്കൻ ഫ്രയറിയും ലത്തീൻസഭയുടെ അഭിമാനസ്തംഭങ്ങളായിരുന്നു. പിന്നീട് ഡച്ചുകാർ ഇവ നശിപ്പിച്ചു.

## വിശുദ്ധ ഫ്രാൻസിസ് സേവ്യർ കൊച്ചിയിൽ

ഈ കാലയളവിൽ കൊച്ചിയിൽവന്ന് നിരവധി തവണ താമസിക്കുകയും മിഷണറി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്ത വിശുദ്ധ ഫ്രാൻസിസ് സേവ്യർ കൊല്ലത്തേക്കും പ്രാന്തപ്രദേശങ്ങളിലേക്കും കൂടുതൽ മിഷണറിമാരെ അയയ്ക്കുന്നതിനു മുൻകൈയെടുത്തു. ഈ പ്രവർത്തനങ്ങളുടെ ഫലമായി കൊല്ലത്ത് കൂട്ടമാനസാന്തരം നടന്നു. കൊല്ലത്തും, തിരുവനന്തപുരത്തും, ആലപ്പുഴയിലും, കൊച്ചിയിലും യൂറോപ്പിൽ നിന്നും കൂടുതൽ മിഷണറിമാർ എത്തിച്ചേരുകയും ഇവിടങ്ങളിൽ ലത്തീൻസഭ ആഴത്തിൽ വേരൂന്നിവളരാൻ തുടങ്ങുകയും ചെയ്തു. കൊച്ചി രൂപതയിലെ നാലാമത്തെ മെത്രാനായിരുന്ന ഫ്രാൻസിസ്കൻസഭയിലെ ആൻഡ്രു ദെ സാന്താമരിയ (1588-1615)യുടെ ഭരണകാലം പ്രത്യേകം പ്രസ്താവയോഗ്യമാണ്. ഇദ്ദേഹത്തിന്റെ ഒത്താശയോടെയാണ് ചരിത്ര പ്രസിദ്ധമായ ഉദയംപേരൂർ സൂനഹദോസ് നടന്നത്. 1606-ൽ വിശാലമായ കൊച്ചിരൂപത വിഭജിക്കപ്പെടുകയും മൈലാപ്പൂർ രൂപത ജന്മം കൊള്ളുകയും ചെയ്തു.

## വരാപ്പുഴ-കൊച്ചി-ആലപ്പുഴ രൂപതകൾ

1886 - ൽ വരാപ്പുഴ അതിരൂതപയായി ഉയർത്തപ്പെടുകയും കൊല്ലം വരാപ്പുഴയുടെ സമാന്തര രൂപതയാകുകയും ചെയ്തപ്പോഴും റോമും പോർച്ചുഗലും തമ്മിലുണ്ടാക്കിയിരുന്ന ഉടമ്പടിവ്യവസ്ഥ അനുസരിച്ച് കൊച്ചിയെ പദ്രോവാദൊ രൂപതയായ ഗോവയുടെ സമാന്തര രൂപതയായി നിലനിർത്തി. അതിനുശേഷം 5 പദ്രോവാദൊ മെത്രാന്മാർ കൊച്ചി രൂപത ഭരിച്ചു. 1953 സെപ്തംബർ 19-ന് പുറപ്പെടുവിച്ച പ്രൊപ്പഗാന്ത ഫീദേയുടെ ഡിക്രി പ്രകാരം കൊച്ചി രൂപത വരാപ്പുഴ അതിരൂപതയുടെ സമാന്തര രൂപതയായി.

സങ്കീർണമായ നിരവധി സംഭവവികാസങ്ങളിലൂടെയാണ് കേരള ലത്തീൻസഭ രൂപം പ്രാപിച്ചതും ഇന്നത്തെ രൂപതയിൽ എത്തിച്ചേർന്നതും. കേരളത്തിന്റെ വിദ്യാഭ്യാസ-സംസ്കാരിക മണ്ഡലങ്ങളിൽ കേരള ലത്തീൻസഭ നൽകിയിട്ടുള്ള സേവനത്തിന്റെ പ്രധാനകണ്ണി കൊച്ചി രൂപതയാണ്. 45 ഇടവക ദൈവാലയങ്ങളിലായി ആലപ്പുഴ, എറണാകുളം ജില്ലകളിലായി ഭാരതത്തിലെ രണ്ടാമത്തേതും, കേരളത്തിലെ ആദ്യ രൂപതയുമായ കൊച്ചിരൂപത കത്തോലിക്ക വിശ്വാസത്തിന്റെ തിലകക്കുറിയായി നിലകൊള്ളുന്നു.